മലയാള മനോരമ

25 January 2025

# ഭാവിയിലെ മഹാമാരികളിൽ ഏറെയും പകരുക മൃഗങ്ങൾ വഴി: ഡോ. സൗമ്യ സ്വാമിനാഥൻ

മനോരമ ലേഖിക



സിഎംഎഫ്ആർഐ പ്ലാറ്റിനം ജൂബിലി ഹാളിൽ നടന്ന ചടങ്ങിൽ പങ്കെടുക്കാൻ എത്തിയ ലോക ആരോഗ്യ സംഘടന മുൻ ചീഫ് സയന്റിസ്റ്റ് ഡോ: സൗമ്യ സ്വാമിനാഥൻ.

കൊച്ചി • ഭാവിയിലെ മഹാമാരികളിൽ ഏറെയും മൃഗങ്ങൾ വഴി പകരുന്നതാകുമെന്നു ലോകാരോഗ്യ സംഘടന മുൻ ചീഫ് സയന്റിസ്റ്റ് ഡോ. സൗമ്യ സ്വാമിനാഥൻ അഭിപ്രായപ്പെട്ടു. ഇന്നത്തെ ആരോഗ്യ ഭീഷണികളിൽ ഏറെയും പരിസ്ഥിതി പ്രശ്നങ്ങളിൽ നിന്ന് ഉദ്ഭവിക്കുന്ന സാഹചര്യത്തിൽ ഇന്ത്യയിൽ പരിസ്ഥിതി ആരോഗ്യ നിയന്ത്രണ ഏജൻസി സ്ഥാപിക്കണമെന്നും പറഞ്ഞു. വേമ്പനാട്ട് കായലിലെ വെള്ളത്തിന്റെ ഗുണനിലവാരം, ജലജന്യ പകർച്ചവ്യാധികൾ എന്നിവയെ കുറിച്ചു സിഎംഎഫ്ആർഐയുടെ നേതൃത്വത്തിൽ നടക്കുന്ന ഗവേഷണത്തിന്റെ ഭാഗമായി വികസിപ്പിച്ച വിവിധ സംരംഭങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.

പ്രളയം, വരൾച്ച, ചുഴലിക്കാറ്റുകൾ, കൊടുംചൂട് തുടങ്ങിയ കാലാവസ്ഥാ അപകടങ്ങളിൽ ഒന്നെങ്കിലും ഇന്ത്യയിലെ മിക്കവാറും ജനങ്ങളെ ബാധിക്കുന്നുണ്ട്. സമൂഹത്തിലെ ദുർബല വിഭാഗങ്ങളാണു കൂടുതലും ഇരയാകുന്നത്. ചൂടു കൂടുന്നതും ശാരീരികവും മാനസികവുമായ ആരോഗ്യത്തെ ബാധിക്കും. ഈ വെല്ലുവിളികൾ നേരിടുന്നതിന് വിവിധ മന്ത്രാലയങ്ങളും ഗവേഷണ ഏജൻസികളും തമ്മിൽ സഹകരണവും വിവര കൈമാറ്റവും ആവശ്യമാണ്.

ഒരു വർഷം കൊണ്ടു കോവിഡ് വാക്സീൻ വികസിപ്പിക്കാൻ കഴിഞ്ഞതു ഗവേഷണ സ്ഥാപനങ്ങളും ശാസ്ത്രജ്ഞരും തമ്മിലുള്ള സഹകരണം കൊണ്ടാണ്. സമൂഹമാധ്യമ പ്ലാറ്റ്ഫോമുകളിൽ തെറ്റായ വിവരങ്ങൾ പ്രചരിക്കുന്നതു ശാസ്ത്ര പുരോഗതിക്കും പൊതുജനാരോഗ്യ ശ്രമങ്ങൾക്കും തടസ്സമാകും. പൊതുജനങ്ങളെ കൂടി പങ്കാളികളാക്കിയുള്ള സിറ്റിസൻ സയൻസ് സംരംഭങ്ങൾ പ്രോത്സാഹന ജനകമാണെന്നും ഡോ സൗമ്യ പറഞ്ഞു.

ചടങ്ങിൽ സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് അധ്യക്ഷത വഹിച്ചു. കായൽ വെള്ളത്തിന്റെ ഗുണനിലവാരം മനസ്സിലാക്കാനുള്ള വാട്ടർ ക്ലിനിക്, ശുചിത്വ രീതികളുടെ സർവേ നടത്താൻ ക്ലെൻസ് ആപ്, ഗവേഷകരെയും പൊതുജനങ്ങളെയും ബന്ധിപ്പിക്കുന്നതിനുള്ള അക്വാഡിപ് ആപ്പ്, തീരമേഖലയിലെ ജലജന്യരോഗങ്ങളുമായി ബന്ധപ്പെട്ട ഡേറ്റബേസ് എന്നിവ ചടങ്ങിൽ പുറത്തിറക്കി. സിഎംഎഫ്ആർഐ, നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യനോഗ്രാഫി, നാൻസൺ എൺവയൺമെന്റൽ റിസർച് സെന്റർ എന്നിവർ സംയുക്തമായാണു വേമ്പനാട് കായൽ മലിനീകരണം സംബന്ധിച്ചു ഗവേഷണം നടത്തുന്നത്. ചടങ്ങിൽ ഡോ കാജൽ ചക്രവർത്തി, ഡോ വി.വി.ആർ.സുരേഷ് എന്നിവർ പ്രസംഗിച്ചു.